**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **13-09-2023 - ൽ മറുപടിയ്ക്ക്**

**കാരുണ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാരുണ്യ സുരക്ഷാ പദ്ധതിയിലെ തുക നൽകുന്നതിൽ കുടിശ്ശിക വരുത്തിയത് സൗജന്യ ചികിത്സ ലഭിക്കേണ്ട സാധാരണക്കാരെ പ്രതികൂലമായി ബാധിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട സർക്കാർ-സ്വകാര്യ ആശുപത്രികളിലൂടെ അർഹരായ രോഗികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നു. ചികിത്സാ സംബന്ധിയായ തുക നിശ്ചിത പാക്കേജ് പ്രകാരം ഫണ്ട് ലഭ്യതക്ക് അനുസരിച്ച് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നു.** |
| (ബി) | സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശിക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും ആശുപത്രികൾക്ക് നൽകേണ്ട കുടിശ്ശിക വിശദാംശം ചുവടെ ചേർക്കുന്നു-<br><br>സ്വകാര്യം: 2,08,73,03,779<br>സർക്കാർ: 8,22,42,44,153 |
| (സി) | കുടിശ്ശിക വരുത്തിയതിനാൽ വിലപിടിപ്പുള്ള മരുന്നുകൾ വിതരണം ചെയ്യുന്ന ഏജൻസികൾ അവയുടെ വിതരണം നിർത്തിവെച്ചിട്ടുണ്ടോ; | (സി) | സംസ്ഥാന ആരോഗ്യ വകുപ്പിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകൾ, പ്രസ്തുത ആശുപത്രി മേലധികാരികൾ ബന്ധപ്പെട്ട വകുപ്പ മേധാവികൾ മുഖേന ലഭ്യമാക്കുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് ദേശീയ തലത്തിൽ ക്ഷണിക്കുന്ന ദർഘാസ് നടപടിക്രമങ്ങളിലൂടെ സംഭരിച്ച്, ഇൻഡന്റിന് ആനുപാതികമായി ആവശ്യാനുസരണം ലഭ്യമാക്കുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ്.<br>ഇപ്രകാരം പരമാവധി മരുന്നുകൾ സർക്കാർ ആശുപത്രികൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ സർക്കാർ ആശുപത്രികളിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ (KASP) ഉൾപ്പെട്ടവർക്ക് മരുന്ന് ലഭ്യമാകാതെ വരുന്നപക്ഷം പ്രസ്തുത മരുന്ന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ലഭ്യമാക്കിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേനയുള്ള മരുന്ന് വിതരണം കെ.എം.എസ്.സി. എൽ നിർത്തിവെച്ചിട്ടില്ല. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേനയുള്ള മരുന്ന് വിതരണം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്ന 70 ഔട്ട് ലെറ്റുകൾ വഴി നടത്തിവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി നേരിടുന്ന പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ഉത്തരം സി പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ